എത്രയോ കാശ് വെറുതെ കളഞ്ഞു, അല്ലേ അച്ഛാ....?

സമയം വൈകിയെന്ന പേരിൽ വേദി നിഷേധിക്കപ്പെട്ട അഞ്ചു കുട്ടികൾ; അവരുടെ വിലാപത്തിന് ആരാണു കാരണക്കാർ? ട്രിവാൻഡ്രം ഡെയ്സ് പ്രതികരണങ്ങൾ തേടിയപ്പോൾ

തിരുവനന്തപുരം ● സംസ്ഥാന കലോൽസവത്തിന്റെ മൂന്നാം ദിനത്തിൽ ഒന്നാം വേദി നിറഞ്ഞതു ചിലങ്കകളുടെ താളത്തുടികളെക്കാൾ പ്രതിഷേധത്തിന്റെ അപസ്വരങ്ങൾ. ഹയർ സെക്കൻഡറി കേരള നടനം വേദിയിൽ വൈകിയെത്തിയതിനെ തുടർന്ന് അഞ്ചു പെൺകുട്ടികൾക്ക് അവസരം നിഷേധിക്കപ്പെട്ടതു കലോൽസവത്തിന്റെയാകെ സങ്കടവുമായി. കുട്ടികളെ മൽസരിപ്പിക്കാത്തതിനെതിരെ എല്ലാവരും പ്രതിഷേധമറിയിച്ചപ്പോഴും സമയം പാലിക്കപ്പെടേണ്ടതാണെന്നതിൽ ആർക്കും രണ്ടഭിപ്രായമില്ല. ഒൻപതു മണിക്കൂറോളം നീണ്ട പ്രതിഷേധത്തിനും കണ്ണീരിനും വേദി കയ്യേറിയുള്ള സമരത്തിനും ബഹളങ്ങൾക്കുമൊടുവിലാണു കുട്ടികൾക്ക് അവതരണാനുമതി കിട്ടിയത്. എന്നാൽ ഇതു മൽസരമായി കണക്കാക്കിയില്ല, വെറും അവതരണം മാത്രം. അവർ വേദിയിൽ കയറുംമുൻപേ ഫലപ്രഖ്യാപനം നടന്നു. എങ്കിലും കണ്ണീരടക്കി അവർ കാണികൾക്കു മുന്നിൽ ആടി.

മൽസരശേഷം ഒരു നൃത്താധ്യാപിക പറഞ്ഞു, 'ആ കളിച്ചതിൽ ഒരു കുട്ടി സമ്മാനാർഹയായിരുന്നു, പക്ഷേ എന്തു ചെയ്യാം,'. കണ്ണീരോടെ കളിച്ചിറങ്ങിയ നർത്തകികളിലൊരാൾ അച്ഛനെ കെട്ടിപ്പിടിച്ചു വിതുമ്പി, 'എത്രയോ കാശ് കളഞ്ഞു, അല്ലേ അച്ഛാ. പുതിയ വേഷവും കൂടി വാങ്ങി. അപ്പീലിനു വേണ്ടിയും കാശൊരുപാട് മുടക്കി.'

ഒന്നാം ക്ലസ്റ്ററിലെ രണ്ടു പേരുടെ മൽസരം റദ്ദാക്കിയപ്പോൾ അടുത്ത ക്ലസ്റ്ററുകാർക്കു പെട്ടെന്നു റിപ്പോർട്ട് ചെയ്യേണ്ടിവന്നതാണു ചില കുട്ടികൾക്കു വിനയായത്.

കുട്ടികൾക്കു വേണ്ടിയുള്ള മേളയിൽ അവരുടെ കണ്ണീരു വീണത് എല്ലാവർക്കും വേദനയായി. ഇനി ഇത് ആവർത്തിക്കാതിരിക്കാൻ എന്തു ചെയ്യണം? കുട്ടികളും നൃത്താധ്യാപകരും രക്ഷിതാക്കളും പ്രതികരിക്കുന്നു.

കുട്ടികൾക്ക് അവസരം നഷ്ടമായത് ഏറെ വേദനിപ്പിച്ചു. ഇത്രയും വലിയ മൽസരം സമയബന്ധിതമായി നടക്കണമെന്നതിൽ തർക്കമില്ല. പക്ഷേ, അതിന്റെ പേരിൽ മർക്കടമുഷ്ടി കാണിച്ചു കുട്ടികളെ പീഡിപ്പിക്കരുത്.

കഴിഞ്ഞ ദിവസത്തെ കുച്ചിപ്പുഡി മൽസരം തുടങ്ങിയത് ഏഴു മണിക്കൂറോളം വൈകിയാണ്. അതിന് ആരെ കുറ്റം പറയും? സംഘാടകരുടെ പിഴവാണെങ്കിൽ ഒരു കുഴപ്പവുമില്ല. കുട്ടികളുടെ തെറ്റാണെങ്കിൽ വലിയ കുഴപ്പം എന്ന രീതി ശരിയാണോ?

നാലാം ക്ലസ്റ്ററിൽ കളിക്കേണ്ട കുട്ടിയെ രണ്ടിലേക്കു മാറ്റിയതു തലേന്നാണ്. വൈകി വന്നതിൽ കുട്ടികൾക്കു ചെറിയ 'ശിക്ഷ' നൽകാം. ഇനി ഇത് ആവർത്തിക്കരുതെന്ന കർശന താക്കീതോടെ അവസാനത്തേക്കു മാറ്റുകയോ മറ്റോ ചെയ്യാം. സംഘാടകരിൽ ചിലർ വളരെ മോശമായാണു കുട്ടികളോടു പെരുമാറിയത്.

വിമലാ മേനോൻ,
നൃത്താധ്യാപിക.

സമയക്രമം പാലിച്ചേ തീരൂ. കുട്ടികൾ എത്തുന്ന സമയത്തിനനുസരിച്ചു ക്ലസ്റ്റർ മാറ്റുന്നതു പ്രായോഗികവുമല്ല. കുഞ്ഞുങ്ങളല്ല, രക്ഷിതാക്കളും നൃത്താധ്യാപകരും എസ്കോർട്ടിങ് അധ്യാപകരുമാണ് ഇക്കാര്യം ശ്രദ്ധിക്കേണ്ടത്. കഴിഞ്ഞ ദിവസത്തെ സംഭവം എല്ലാവർക്കും ഒരു പാഠമാണ്. എന്നാൽ, കുട്ടികളുടെ അവസരം നിഷേധിച്ചതു ശരിയായില്ല. വിധിനിർണയവുമായി ബന്ധപ്പെട്ട പരാതികളെല്ലാം പരിഹരിച്ച്, കഴിവിനു മുൻതൂക്കം നൽകുന്ന രീതിയിലേക്കു മാറണം.

റിഗാറ്റ ഗിരിജ,
നൃത്താധ്യാപിക

ഇത്രയും വലിയ പരിപാടിക്കു താമസിച്ചു വരുന്നതു പ്രശ്നം തന്നെയാണ്. എങ്കിലും അവരുടെ പ്രയത്നവും കഷ്ടപ്പാടും മനസ്സിലാക്കി അവരെ മൽസരിപ്പിക്കാമായിരുന്നു.

അശോകൻ,
പുന്നയൂർക്കുളം
(രക്ഷിതാവ്)

സംസ്ഥാനതലത്തിൽ അവസരം ലഭിക്കാതെ എത്രയോ കുട്ടികൾ നിരാശരായിരിക്കുമ്പോൾ അവസരം ലഭിച്ചവർ സമയക്രമം പാലിക്കാത്തതു ശരിയല്ല. അവർ അൽപം കൂടി ഗൗരവമായി ഇക്കാര്യങ്ങൾ കാണണം.

അർച്ചിത ലക്ഷ്മി
(മൽസരാർഥി)

കുട്ടികളുടെ പരിശ്രമവും രക്ഷിതാക്കളുടെ സാമ്പത്തികച്ചെലവും ഇത്രയും നാളത്തെ കഷ്ടപ്പാടുമെല്ലാം പരിഗണിക്കുമ്പോൾ അവർക്കു മാനുഷിക പരിഗണന കൊടുക്കാമായിരുന്നു. ഓരോ വേദിയിലും ദിവസേന നഷ്ടമാകുന്ന സമയത്തിന്റെ നാലിലൊന്നു സമയമുണ്ടെങ്കിൽ അവരെ കളിപ്പിക്കാമായിരുന്നു.

ശിവൻകുട്ടി,
രക്ഷിതാവ്

പരമാവധി സമയക്രമം പാലിച്ചു മൽസരങ്ങൾ നടത്തിയില്ലെങ്കിൽ ഇത്രയും വലിയ മേള വിജയകരമാകില്ല.

സമയം തെറ്റിച്ചെത്തിയവർക്ക് അവസരം കൊടുത്താൽ അതു തെറ്റായ കീഴ്വഴക്കമുണ്ടാക്കും.

എല്ലാ ഇനങ്ങൾക്കും കുട്ടികൾ താമസിച്ചെത്തുന്നതു പതിവായാൽ മേള ഇഴയും.

എം.എസ്. ജയ,
പൊതുവിദ്യാഭ്യാസ ഡയറക്ടർ

മൽസരിക്കാനുള്ള അവസരം നഷ്ടമായത്: കോടതി അനുവദിച്ച അപ്പീലിലൂടെ മൽസരിക്കാനെത്തിയ കൃഷ്ണഗാഥ (ഗവ.ഗേൾസ് എച്ച്എസ്എസ്, അടൂർ), ഡിഡി അപ്പീലിലൂടെ എത്തിയ അനഘ സതീഷ് (വിവിഎച്ച്എസ്എസ്, താമരക്കുളം, ആലപ്പുഴ), കെ.വി. വർഷ (സെന്റ്. തെരേസാസ് എച്ച്എസ്എസ്, ഷൊർണൂർ), അനുശ്രീ (ജിഎച്ച്എസ്എസ്, ചാത്തന്നൂർ, പാലക്കാട്), അനുഗ്രഹ ബിനു (കെടിസിടി ഇഎംഎച്ച്എസ്എസ്, കിളിമാനൂർ).

എഴുത്ത്

പിങ്കി ബേബി
ഷിബു തോമസ്
ജിക്കു വർഗീസ് ജേക്കബ്
ആഷിഖ് അലി
എസ്.പി. സജുദാസ്
ജി.കെ. രഞ്ജിത്
ദീപക് എസ്. ദാസ്
ടി. വരുൺകുമാർ

ചിത്രം

അരവിന്ദ് വേണുഗോപാൽ
ജിബിൻ ചെമ്പോല
രാഹുൽ പട്ടം
സോളമൻ തോമസ്

CELEBRATING 7 YEARS OF BEAUTY CARE
Look good. Feel great.
CATALYST SALON & SPA

SPOKEN ENGLISH
Attend a Free Class & decide
Batches for Employees Housewives B Tech & MBA Students
Sharp Skills be the dart Your Training Partner
2nd floor, Thazhathu Towers, Opp. Kedaram Complex Kesavadasapuram, Tvm
Tel: 0471 6541446, 80890 48123
www.sharpskills.co.in

trivandrum trends

METRO CLASSIFIEDS

Maternity wear
ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അനുയോജ്യമായ വസ്ത്രങ്ങൾ!
ഗർഭിണികൾക്ക് പ്രത്യേക പാന്റീസ്!
ziva MATERNITY WEAR
Online Partner amazon
Sunday Open
തിരുവനന്തപുരം: ഉള്ളൂർ റോഡ്, എഫ്. സി. ഐ. യ്ക്ക് സമീപം, കേശവദാസപുരം. ഫോൺ: 8129944488

Water heater
Racold SOLAR WATER HEATER
വൈദ്യുതിയോ ഗ്യാസോ ഇല്ലാതെ വെള്ളം ചൂടാക്കൂ.....
Avail Govt. Subsidy
5 years Guarantee
Approved ISO 2001-2009 Certified Company
Authorised Dealer
സോളാർ വാട്ടർ ഹീറ്റർ
Conditions apply*
SREESAKTHI ENTERPRISES
Trivandrum-10
Call: 9400734579, 9446324579

Health care
വിണ്ടുകീറിയ പാദങ്ങൾ മൃദുലവും കോമളവും ആകാൻ
CUT-Care Cream
herbal care for cracked heels and chilbalain
ഇംഗ്ലീഷ്/ആയുർവേദ മെഡിക്കൽസ്റ്റോറുകളിൽ ലഭ്യമാണ്.
Cracked Heel Rough feet Dry Skin Chilblain Nappies Rash
100% ആയുർവേദിക്
prm & company
കട്ട് കെയർ ക്രീം ISO 9001 : 2000
www.prmherbals.com Customer Care : 9447076163
Service - quality - innovation

Aluminium Fabrications
MOSQUITOES PROBLEMS?
Protect your family from all kinds of Insects & Dust!!!
Use Aluminium framed Insects screen with Metalic Net (Stainless Steel, Aluminium)
HDPE Net for Windows, Doors and Ventilators
Contact : 9847145979, 9446025978
SILVER NET INDUSTRIES
T.C.80/2436, Veli, Titanium P.O., Trivandrum - 695 021
www.silvernetindustries.com
• TRIVANDRUM • KOLLAM • PATHANAMTHITTA

to advertise in this column contact: 9895829897

ISO 9001-2015 CERTIFIED
POTHYS SUPER STORES
Celebrate Shopping
M.G. Road, Near Ayurveda College Jn, Thiruvananthapuram-695 001
+0471-6005858/2574133 Email-feedback@pothyssuperstores.com

LUCKY DRAW UTSAV
14th JAN to 14th FEB-2016
SHOP 'N' WIN

999/-രൂപയ്ക്ക് മുകളിൽ വാങ്ങു ഇംപോർറ്റഡ് ലൂസ് ഡ്രൈ ഫ്രൂഡ്സ് & ചോക്കളേറ്റ്സ് ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — റോയൽ ഇൻഫീൽഡ് ബുള്ളറ്റ്
ഹെർ ഡ്രീംസ് കൗണ്ടറിൽ നിന്നും 499/-രൂപയ്ക്ക് കോസ്മെറ്റിക് ഉത്പന്നങ്ങൾ വാങ്ങു ഭാഗ്യശാലിക്ക് നേടാം — സാംസംഗ് വാഷിംഗ് മെഷീൻ
249/-രൂപയ്ക്ക് ഫ്രൂഡ്സ് & വെജിറ്റബിൾസ് വാങ്ങു ഭാഗ്യശാലിക്ക് നേടാം — ഗ്യാസ് സ്റ്റൌ (4ഏണ്ണം)
വാങ്ങു ഏതെങ്കിലും ഫിയാമ / എൻഗ്ലേജ് ഡിയോ/സാവലോൺ ഹാന്റ്വാഷ് ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — ഒന്നാം സമ്മാനം മഹീന്ദ്ര ഗസ്റ്റോ രണ്ടാംസമ്മാനം റെഫ്രിജിറേറ്റർ
വാങ്ങു ഏതെങ്കിലും ഈസ്റ്റേൺ ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — ഹീറോ പ്ലെഷർ
വാങ്ങു ഏതെങ്കിലും ഹിമാലയ ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — ഒന്നാം സമ്മാനം മിനി ലാപ്ടോപ് ജെന്റ്സ് സൈക്കിൾ മൂന്നാം സമ്മാനം. ലേഡീസ് സൈക്കിൾ
വാങ്ങു 200/-രൂപയ്ക്ക് എം. ആർ. എ. കുക്കീസ് ഭാഗ്യശാലിക്ക് നേടാം — ഇംപെക്സ് ഹോം തീയേറ്റർ
വാങ്ങു ഏതെങ്കിലും ആച്ചി ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — ഒന്നാം സമ്മാനം വേൾപൂൾ റെഫ്രിജിറേറ്റർ രണ്ടാംസമ്മാനം ഇന്റക്ഷൻ കുക്കർ (2എണ്ണം) മൂന്നാം സമ്മാനം 1000/-രൂപയ്ക്ക് ആച്ചി ഗിഫ്റ്റ് ഹാംപർ (3എണ്ണം)
വാങ്ങു ഏതെങ്കിലും ധാത്രി ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — സാംസംഗ് ഫുൾ ആട്ടോമെറ്റിക് വാഷിംഗ് മെഷീൻ
വാങ്ങു ഇംപീരിയൽ ലെതർ സോപ്പ് ഭാഗ്യശാലിക്ക് നേടാം — ഒണീഡ എൽ. ഇ. ഡി റ്റി. വി
വാങ്ങു ഏതെങ്കിലും എക്സൽ പ്ലസ് ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — ഒന്നാം സമ്മാനം രണ്ട് ഗ്രാം ഗോൾഡ് കോയിൻ രണ്ടാംസമ്മാനം ഒരു ഗ്രാം ഗോൾഡ് കോയിൻ (രണ്ട്പേർക്ക്) മൂന്നാം സമ്മാനം ഗിഫ്റ്റ് ഹാംപർ (10എണ്ണം)
വാങ്ങു ഏതെങ്കിലും കോക്കർ ഓട്സ് ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — പീജിയൻ ഗ്യാസ് സ്റ്റൌ (4എണ്ണം)
വാങ്ങു ഏതെങ്കിലും ഗ്രാന്റ്മാസ് ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — ഒന്നാം സമ്മാനം മോർഫി റിച്ചാർഡ്സ് മിക്സർഗ്രൈന്റർ രണ്ടാംസമ്മാനം നോൺസ്റ്റിക് തവ
വാങ്ങു ഏതെങ്കിലും റിപ്പിൾ റ്റീ ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — ഒന്നാം സമ്മാനം ഗ്യാസ് സ്റ്റൌ രണ്ടാംസമ്മാനം ഇന്റക്ഷൻ കുക്കർ മൂന്നാം സമ്മാനം കിച്ചൻ സെറ്റ്
വാങ്ങു ഏതെങ്കിലും ഡബിൾ ഹോഴ്സ് ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — ഒന്നാം സമ്മാനം മൈക്രോവേവ് ഓവൺ രണ്ടാംസമ്മാനം സോഡാ മേക്കർ മൂന്നാം സമ്മാനം ഗിഫ്റ്റ് ഹാംപർ (3എണ്ണം)
വാങ്ങു ഏതെങ്കിലും വിപ്രോ സി. എഫ്. എൽ/സന്തൂർ ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — ഐ.എഫ്.ബി മൈക്രോവേവ് ഓവൺ
വാങ്ങു ഏതെങ്കിലും ഇവ ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — പ്രെസ്റ്റീജ് മൈക്രോവേവ് ഓവൺ
വാങ്ങു ഏതെങ്കിലും യാർഡ്ലി ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — സാംസംഗ് മൈക്രോവേവ് ഓവൺ
വാങ്ങു ഏതെങ്കിലും ബൻജാറസ് ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — മൈക്രോമാക്സ് ടാബ്
വാങ്ങു ഏതെങ്കിലും എരിക്സ് ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — സാംസംഗ് മൊബൈൽ
വാങ്ങു ഏതെങ്കിലും സ്വർണ്ണം ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — മോർഫി റിച്ചാർഡ്സ് മിക്സർഗ്രൈന്റർ
വാങ്ങു ഏതെങ്കിലും ജോൺസൻ & ജോൺസൻ ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — ബേബി പ്രാം
വാങ്ങു ഏതെങ്കിലും സെല്ലോ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — ഒന്നാം സമ്മാനം ഫിലിപ്സ് ഹോം തീയേറ്റർ രണ്ടാംസമ്മാനം സെല്ലോ മെലാമിൻ ഡിന്നർസെറ്റ്
വാങ്ങു ഏതെങ്കിലും റ്റൈഡ് 5 കി. ഗ്രാം/പാംബേഴ്സ് ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — ഫുൾ ആട്ടോമെറ്റിക് എൽ. ജി വാഷിംഗ്മെഷീൻ
വാങ്ങു ഏതെങ്കിലും ഡിഷ്ഗോൾഡ് ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — മോർഫി റിച്ചാർഡ്സ് മിക്സർഗ്രൈന്റർ
വാങ്ങു ഏതെങ്കിലും ഗാല ഉത്പന്നങ്ങൾ, ഭാഗ്യശാലിക്ക് നേടാം — പ്യൂരിറ്റ് വാട്ടർ പ്യൂരിഫയർ
കൂടാതെ മറ്റ് ആകർഷക ഓഫറുകളും
*Terms & Conditions Apply .MRPs of Products Mentioned Are Inclusive of All Taxes. Pictures Are Indicative. offers Valid Till Stock Last.
anantha tvm-9
FREE HOME DELIVERY* @ POTHYS SUPER STORES CALL US 0471 - 600 55 55 | 600 56 56
shop online www.pothyssuperstores.com
LUCKY DRAW ON 14th FEBRUARY (Evening)
Radio Partner RED FM 93.5 Kelkku Kelkku Kottukondeyirikku!